**Kudumbashree**
*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

നമ്പർ. 1832/M-NRLM/17/KSHO

തീയതി: 30.10.2020

**സർക്കുലർ**

വിഷയം:- കുടുംബശ്രീ - പഞ്ചായത്തിരാജ് - ജിപിഡിപി- വിപിആർപി- നടപ്പിലാക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 20 ഒക്ടോബർ 2020-ലെ കേന്ദ്ര ഗ്രാമ വികസന വകുപ്പിന്റെയും കേന്ദ്ര ഗ്രാമീണ വികസന വകുപ്പിന്റെയും ഫയൽ നം. J-11060/13/2015-Part-I (359855) നമ്പർ സംയോജിത കത്ത്

ഈ വർഷം ഗ്രാമ പഞ്ചായത്തുകളിൽ ഗ്രാമ പഞ്ചായത്ത് വികസന പ്ലാൻ (ജിപിഡിപി) തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലത്തിൽ നിന്നും ഗ്രാമീണ വികസന വകുപ്പിൽ നിന്നും സംയോചിതമായി സൂചന പ്രകാരം സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2020 ഒക്ടോബർ 2 മുതൽ 31 ജനുവരി 2021 വരെ "സബ്കി യോജന സബ്കി വികാസ്" എന്ന പേരിൽ ഒരു ജനകീയാസൂത്രണ ക്യാമ്പെയിൻ (പീപ്പിൾസ് പ്ലാൻ ക്യാമ്പെയിൻ) ആരംഭിച്ചിട്ടുണ്ട്. സൂചന പ്രകാരം അയൽക്കൂട്ടത്തിൽ നിന്നും എഡിഎസ്സിൽ നിന്നും തയ്യാറാക്കി സിഡിഎസ് തലത്തിൽ പൂർണമായും ക്രോഡീകരിച്ച് തയ്യാറാക്കുന്ന ഗ്രാമീണ ദാരിദ്ര്യ ലഘൂകരണ പദ്ധതി (വില്ലേജ് പോവർട്ടി റിഡക്ഷൻ പ്ലാൻ) പഞ്ചായത്തുതലത്തിൽ അടുത്ത വർഷത്തെ പ്ലാനായി യോജിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീയുടെ അയൽക്കൂട്ടതലം, എഡിഎസ്സ് തലം, സിഡിഎസ്സ് തലം വരെയുള്ളവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതും, ഗ്രാമീണ ദാരിദ്ര ലഘൂകരണ പദ്ധതി (വില്ലേജ് പോവർട്ടി റിഡക്ഷൻ പ്ലാൻ) തയ്യാറാക്കി ജിപിഡിപി പ്രത്യേക ഗ്രാമസഭയിൽ അംഗീകാരം നേടിയശേഷം പഞ്ചായത്തുതലത്തിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി പഞ്ചായത്തു പ്ലാനുമായി യോജിപ്പിക്കേണ്ടതുണ്ട്.

കേരളത്തിലെ ഗ്രാമീണ മേഖലയിലെ 45 ലക്ഷത്തിനു മുകളിൽ കുടുംബങ്ങളെ പ്രതിനിധീകരിക്കുന്ന ബൃഹത്തായ ശൃംഖലയാണ് കുടുംബശ്രീ സംഘടനാ സംവിധാനം. ഗ്രാമ പഞ്ചായത്ത് വികസന പ്ലാനിൽ (GPDP) സാധാരണക്കാരുടെ ആവശ്യങ്ങൾ മനസ്സിലാക്കി ഇടപെടുന്നതിനും ആവശ്യമായ പദ്ധതികൾ ഈ പ്രക്രിയയിലൂടെ ഉൾപ്പെടുത്തുന്നതിനും അതുവഴി അയൽക്കൂട്ട സംവിധാനം ചലിപ്പിക്കാനും, പങ്കാളിത്ത ആസൂത്രണ പ്രക്രിയയിൽ ഇടപെടാനുമുള്ള ഒരു അവസരം കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് ഇതുവഴി ലഭിക്കുന്നതാണ്.

**എന്താണ് ഗ്രാമീണ ദാരിദ്ര്യ ലഘൂകരണ പ്ലാൻ (VPRP)?**

ഗ്രാമീണ മേഖലയിലെ സാധാരണക്കരുടെ ആവശ്യങ്ങൾ മനസ്സിലാക്കികൊണ്ട് അയൽക്കൂട്ടതലം മുതൽ തയ്യാറാക്കുന്ന പ്ലാനാണ് ഗ്രാമീണ ദാരിദ്ര്യ ലഘൂകരണ പ്ലാൻ. ഇപ്രകാരം തയ്യാറാക്കിയ പ്ലാൻ തദ്ദേശ സ്വയംഭരണ പദ്ധതിയിലേയ്ക്ക് സമർപ്പിച്ച് ലക്ഷ്യം പൂർത്തീകരിക്കുമ്പോഴാണ് ഈ പ്ലാനിന്റെ ഉദ്ദേശ്യലക്ഷ്യം പൂർണ്ണമാക്കുന്നത്.

1) അവകാശാധിഷ്ഠിതമായ പദ്ധതികൾ തയ്യാറാക്കൽ (തൊഴിൽ കാർഡ്, ആരോഗ്യ ഇൻഷുറൻസ് കാർഡ്,

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org

ക്ഷേമ പെൻഷനുകൾ തുടങ്ങിയവ),
2) ഉപജീവന പദ്ധതികൾ (വ്യക്തിഗത/ ഗ്രൂപ്പ്)
3) സാമൂഹ്യ വികസന പദ്ധതി
4) പൊതു ആസ്തികളുടേയും പ്രകൃതി വിഭവങ്ങളുടേയും സംരക്ഷണവും വികസനവും (റോഡ്, കുടിവെള്ളം, ആരോഗ്യം തുടങ്ങിയവ) ഉൾപ്പെടുന്ന പദ്ധതികൾ തയ്യാറാക്കലാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**ഗ്രാമീണ ദാരിദ്ര്യ ലഘൂകരണ പ്ലാനിന്റെ പ്രക്രിയ (വിപിആർപി)**

സംഘടനാ സംവിധാനത്തിനു നൽകുന്ന വിശദമായ പരിശീലനത്തിനു ശേഷം താഴെപറയുന്ന പ്രക്രിയയിലൂടെ വിപിആർപി തയ്യാറാക്കൽ ആരംഭിക്കുന്നതാണ്:-

1. **എഡിഎസ് തലത്തിലുള്ള ആശയം ഉൾക്കൊള്ളൽ പ്രക്രിയ**:- എഡിഎസ് തലത്തിൽ വിശദമായി ജിപിഡിപി, വിപിആർപി എന്താണെന്നും ഇവ എങ്ങനെയാണ് തയ്യാറാക്കുന്നതെന്നും വിശദമായി ചർച്ച ചെയ്യുന്ന പ്രക്രിയയാണിത്.

2. **അയൽക്കൂട്ടതല പ്ലാൻ**:- അയൽക്കൂട്ടതല പ്ലാനിൽ അവകാശാധിഷ്ഠിത പ്ലാനും ഉപജീവന പദ്ധതികളുമാണ് ഉൾക്കൊള്ളിക്കേണ്ടത്.

3. **എഡിഎസ്സ് തല പ്ലാൻ**:- അവകാശാധിഷ്ഠിത പ്ലാനിന്റേയും ഉപജീവന പദ്ധതികളുടെയും ക്രോഡീകരണവും സാമൂഹ്യവികസനത്തിന്റേയും പൊതു ആസ്തികളുടേയും പ്രകൃതി വിഭവങ്ങളുടേയും വികസനത്തിന്റെയും പ്ലാൻ വാർഡ്തലത്തിലാണ് ആസൂത്രണം ചെയ്യേണ്ടത്. ഇത് ജിപിഡിപി പ്രത്യേക ഗ്രാമ സഭയിൽ അംഗീകാരം വാങ്ങണം.

4. **ഗ്രാമ പഞ്ചായത്ത്തല പ്ലാൻ**:- വാർഡ്തലത്തിലുള്ള നാല് ഘടകങ്ങളുടെയും ക്രോഡീകരണ റിപ്പോർട്ടാണ് പഞ്ചായത്ത്തല പ്ലാനായി സമർപ്പിക്കുന്നത്. പ്രസ്തുത പ്ലാനുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുഖേന പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയാണ് വേണ്ടത്. വിവിധ വകുപ്പുകളിൽ ഉൾക്കൊള്ളിക്കേണ്ട പദ്ധതികൾ പഞ്ചായത്ത്, വിവിധ വകുപ്പുകളിലേയ്ക്ക് സമർപ്പിക്കുകയും ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന രീതിയാണ് അനുവർത്തിക്കുക.

5. അയൽക്കൂട്ടതലത്തിലും എഡിഎസ് തലത്തിലും തയ്യാറാക്കേണ്ട വിപിആർപിയുടെ ഫോമുകൾ സംസ്ഥാന മിഷൻ ജില്ലാ മിഷനുകൾക്ക് നൽകുകയും ആയത് അയൽക്കൂട്ടങ്ങളിലും എഡിഎസ് തലത്തിലും കൃത്യമായി എത്തുന്നുവെന്ന് അതാത് ജില്ലാ മിഷനുകൾ ഉറപ്പു വരുത്തേണ്ടതാണ്. സിഡിഎസ് തലത്തിൽ കമ്പ്യൂട്ടറിന്റെ സഹായത്തോടു കൂടി വേണം വിപിആർപി പ്ലാൻ തയ്യാറാക്കേണ്ടത്.

**പ്രവർത്തന രീതി**

1)ഓരോ ജില്ലയിൽ നിന്നും മാസ്റ്റർ പരിശീലകരെ തിരഞ്ഞെടുക്കുകയും, അവർക്ക് സംസ്ഥാന മിഷൻ നേരിട്ട് പരിശീലനം നൽകുകയും ചെയ്യുന്നു. ഇതിനായി താഴെപറയും പ്രകാരം മാസ്റ്റർ പരിശീലകരെ കണ്ടെത്തണം.

| ക്രമ നം | ജില്ലാ | ജില്ലാ മാസ്റ്റർ പരിശീലകരുടെ എണ്ണം | ജില്ലാ പരിശീലകരുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 4 | 25 |
| 2. | കൊല്ലം | 4 | 23 |
| 3. | പത്തനംതിട്ട | 3 | 18 |
| 4. | ആലപ്പുഴ | 4 | 24 |
| 5. | കോട്ടയം | 4 | 24 |
| 6. | ഇടുക്കി | 3 | 18 |
| 7. | എറണാകുളം | 5 | 28 |
| 8. | തൃശ്ശൂർ | 5 | 29 |
| 9. | പാലക്കാട് | 5 | 30 |
| 10. | മലപ്പുറം | 5 | 32 |
| 11. | കോഴിക്കോട് | 4 | 24 |
| 12. | വയനാട് | 1 | 8 |
| 13. | കണ്ണൂർ | 4 | 24 |
| 14. | കാസർഗോഡ് | 2 | 13 |
| ആകെ | | 53 | 320 |

2) പരിശീലന മേഖലയിൽ കൂടുതലായി പ്രാവീണ്യമുള്ളവരായ കുടുംബശ്രീ പരിശീലന ടീം അംഗങ്ങൾക്കും പരിശീലന ടീമിന്റെ എക്സ്റ്റഷൻ പരിശീലകർക്കും മൂന്നു വീതം പഞ്ചായത്തുകൾ വീതിച്ചു നൽകേണ്ടതാണ്. ഇതിനായി മുകളിൽ സൂചിപ്പിച്ച പട്ടിക പ്രകാരം പരിശീലകരെ ജില്ലകൾ കണ്ടെത്തേണ്ടതും അവർക്ക് പഞ്ചായത്തുകൾ വീതിച്ചു നൽകേണ്ടതുമാണ്.

3) എല്ലാ സിഡിഎസ് ഭരണ സമിതി അംഗങ്ങൾക്കും എഡിഎസ്സിലെ 7 അംഗ ഭരണസമിതിക്കും ആണ് പരിശീലന ടീം അംഗങ്ങളിലൂടെ പരിശീലനം നൽകേണ്ടത്. പരിശീലനം പൂർണമായും ഓൺലൈനായി വേണം നൽകേണ്ടത്.

4) ഇത്തരത്തിൽ പരിശീലനം ലഭിച്ച സിഡിഎസ് ഭരണ സമിതി അംഗങ്ങളും എഡിഎസിലെ 7 അംഗ ഭരണ സമിതിയും എല്ലാ അയൽക്കൂട്ടാംഗങ്ങൾക്കും പരിശീലനം നൽകേണ്ടതുണ്ട്. പ്രസ്തുത പഞ്ചായത്തിന്റെ ഉത്തരവാദിത്തമുള്ള പരിശീലകർ മെന്ററിംഗ് പിന്തുണയും, ഹാൻഡ് ഹോൾഡിംഗ് പിന്തുണയും തുടർച്ചായി ഇവർക്ക് നൽകേണ്ടതാണ്.

5) അയൽക്കൂട്ടതലത്തിൽ വിപിആർപി പ്ലാനുകൾ തയ്യാറാക്കുന്നു, തയ്യാറാക്കിയ പ്ലാൻ വാർഡ്തലത്തിൽ ക്രോഡീകരിക്കുന്നു. പ്രസ്തുത പഞ്ചായത്തിന്റെ ഉത്തരവാദിത്തമുള്ള പരിശീലകർ മെന്ററിംഗ് പിന്തുണയും, ഹാൻഡ് ഹോൾഡിംഗ് പിന്തുണയും ഇൗ പ്രവർത്തനത്തിൽ ഇവർക്ക് നൽകേണ്ടതാണ്.

6) വാർഡ്തലത്തിൽ ക്രോഡീകരിച്ച് തയ്യാറാക്കിയ പദ്ധതി പ്രത്യേക ഗ്രാമ പഞ്ചായത്ത് വികസന പ്ലാൻ (ജിപിഡിപി) ഗ്രാമസഭയിൽ അംഗീകാരത്തിനായി സമർപ്പിക്കും. പ്രസ്തുത പഞ്ചായത്തിന്റെ ഉത്തരവാദിത്തമുള്ള പരിശീലകർ മെന്ററിംഗ് പിന്തുണയും, ഹാൻഡ് ഹോൾഡിംഗ് പിന്തുണയും ഇൗ പ്രവർത്തനത്തിൽ ഇവർക്ക് നൽകേണ്ടതാണ്.

7) വാർഡുതലത്തിൽ തയ്യാറാക്കിയ പ്ലാൻ പഞ്ചായത്തുതലത്തിൽ ക്രോഡീകരിക്കും. പഞ്ചായത്ത്തലത്തിൽ ക്രോഡീകരിച്ച് ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കും. പ്രസ്തുത പഞ്ചായത്തിന്റെ ഉത്തരവാദിത്തമുള്ള പരിശീലകർ മെന്ററിംഗ് പിന്തുണയും, ഹാൻഡ് ഹോൾഡിംഗ് പിന്തുണയും ഈ പ്രവർത്തനത്തിൽ ഇവർക്ക് നൽകേണ്ടതാണ്.

നിലവിലെ വിപിആർപി പരിശീലനം ജില്ലാ മിഷൻ ഉദ്യോഗസ്ഥർക്ക് പരിശീലന ഗ്രൂപ്പ് അംഗങ്ങൾക്കും നൽകി കഴിഞ്ഞിട്ടുണ്ട്. എല്ലാ പരിശിലനങ്ങളും ഓൺലൈനായി വേണം നൽകേണ്ടതാണ്. ഓൺലൈൻ പരിശീലനം നൽകുന്നതിന്റെ സോഫ്റ്റ് വെയറിനെക്കുറിച്ചുള്ള പരിശീലനം പരിശീലന ഗ്രൂപ്പ് അംഗങ്ങൾക്ക് നൽകി കഴിഞ്ഞിട്ടുണ്ട്.

**പരിശീലന ഗ്രൂപ്പ് അംഗങ്ങളുടെ ഉത്തരവാദിത്വം**

മുഴുവൻ സിഡിഎസ് ഭരണ സമിതി അംഗങ്ങൾക്കും എഡിഎസ്സിലെ 7 അംഗ ഭരണ സമിതി അംഗങ്ങൾക്കും ഓൺലൈനായി പരിശീലനം നൽകേണ്ടത് പരിശീലനം ഗ്രൂപ്പ് അംഗങ്ങളുടെ ഉത്തരവാദിത്തമാണ്. ഇതിനായി ഒരു പരിശീലന ടീം അംഗത്തിന് മൂന്നു സിഡിഎസ് എന്ന രീതിയിൽ

വീതിച്ചു നൽകുന്നതാണ്. മൂന്നു സിഡിഎസ്സിലെ മുഴുവൻ പരിശീലനം പൂർത്തീകരിച്ച് വിപിആർപി അയൽക്കൂട്ടം തയ്യാറാക്കി എഡിഎസ് തലത്തിൽ ക്രോഡീകരിക്കുകയും എഡിഎസ് തലത്തിൽ പ്ലാൻ തയ്യാറാക്കി ഗ്രാമസഭയിൽ അംഗീകരിക്കുന്നതിനായി സമർപ്പിക്കുകയും എഡിഎസ് തല ഫോമുകളുടെ ക്രോഡീകരണം സിഡിഎസ് തലത്തിലും നടത്തി, ആയത് പഞ്ചായത്ത് തലത്തിൽ യോജിപ്പിക്കുന്നതിന്റെ ഹാൻഡ് ഹോൾഡിംഗ് പിന്തുണ നൽകേണ്ടത് പരിശീലന ഗ്രൂപ്പ് അംഗങ്ങളുടെ ഉത്തരവാദിത്തമാണ്.

**ബ്ലോക്ക് കോർഡിനേറ്റർമാർ (എംഎഎസ്സ് )**

ബ്ലോക്ക് കോർഡിനേറ്റർമാരുടെ ഉത്തരവാദിതത്തിലുള്ള സിഡിഎസ്സുകളിൽ പരിശീലനം സമയബന്ധിതമായി നടക്കുന്നു ഉറപ്പുവരുത്തേണ്ടത് ഇവരുടെ ഉത്തരവാദിത്തമാണ്. സിഡിഎസ് തലത്തിൽ എല്ലാ സിഡിഎസ് ഭരണ സമിതി അംഗങ്ങൾക്കും, എഡിഎസ് തലത്തിൽ എല്ലാ 7 അംഗ ഭരണ സമിതി അംഗങ്ങൾക്കും പരിശീലനത്തിൽ പങ്കെടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പരിശീലന റിപ്പോർട്ട് സമർപ്പിക്കുമ്പോൾ റാൻഡമായി പങ്കെടുത്തവരെ ഫോൺ മുഖേന ബന്ധപ്പെട്ട് ഇത് ഉറപ്പുവരുത്തേണ്ടതാണ്. എ ഡി എസ്സ് തല പ്ലാനുകളുടെ റിപ്പോർട്ടും സി ഡി എസ്സ് തല പ്ലാനുകളുടെ റിപ്പോർട്ടും പരിശീലകർ സമർപ്പിക്കുമ്പോൾ ബ്ലോക്ക് കോർഡിനേറ്റർമാർ ഫോൺ മുഖേന ബന്ധപ്പെട്ടു ആധികാരികത ഉറപ്പു വരുത്തേണ്ടതാണ് പരിശീലകരുടെ ഗുണനിലവാരം, സാങ്കേതിക അറിവ് എന്നിവ ഓൺലൈൻ മീറ്റിംഗ് നടത്തി ഉറപ്പുവരുത്തേണ്ടതാണ്. ഇതോടൊപ്പം ബ്ലോക്കിലെ പരിശീലന കലേണ്ടറും തയ്യാറാക്കേണ്ടതാണ് ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് എം എ എസ്സ് നാളതീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് ബി.സിമാർ (എം എ എസ്സ്) ആണ്.

**ജില്ലാ പ്രോഗ്രാം മാനേജർ (ഓർഗനൈസേഷൻ)**

ജില്ലാതലത്തിൽ സമബന്ധമായി പരിശീലനങ്ങൾ എല്ലാ നടക്കുന്നുവെന്ന് ജില്ലാ പ്രോഗ്രാം മാനേജർ ഉറപ്പു വരുത്തേണ്ടതാണ്. ജില്ലാതലത്തിൽ പ്രവർത്തന കലണ്ടർ ഉണ്ടാക്കി ബ്ലോക്ക് കോർഡിനേറ്റർമാർക്കു ആവശ്യമായ നിർദേശങ്ങൾ ജില്ലാ പ്രോഗ്രാം മാനേജർ നൽകേണ്ടതാണ്. റാൻഡമായി ഫോൺ മുഖേന ബന്ധപ്പെട്ട് ഓൺലൈൻ പരിശീലനം നടന്നുവെന്ന് ഡിപിഎം ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ഫോമുകൾ കൃത്യമായി അയൽക്കൂട്ടങ്ങളിലും എഡിഎസ്സുകളിലും എത്തുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. പരിശീലന റിപ്പോർട്ടും എ ഡി എസ്സ് /സി ഡി എസ്സ് തല പ്ലാനിന്റെയും റിപ്പോർട്ടും പരിശീലകർ സമർപ്പിക്കുന്നത് ജില്ലാ പ്രോഗ്രാം മാനേജർ സ്ഥിതീകരിക്കേണ്ടാതാണ്

**ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ / അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ**

ജില്ലാതലത്തിൽ ടി പ്രവർത്തനങ്ങൾ സമയബന്ധിതമായും വിജയകരമായും പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ഫോമുകൾ കൃത്യമായി അയൽക്കൂട്ടങ്ങളിലും എഡിഎസ്സുകളിലും എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പരിശീലനത്തിനുശേഷം പരിശീലകർക്ക് ഇതിലെ നിർദ്ദേശങ്ങൾ പ്രകാരം സമയബന്ധിതമായി തുക അനുവദിച്ചു നൽകേണ്ടതുമാണ്.

**പരിശീലനം ആർക്ക്**

- പരിശീലന ഗ്രൂപ്പ് അംഗങ്ങൾ നേരിട്ട് എല്ലാ സിഡിഎസ്സ് ഭരണ സമിതി അംഗങ്ങൾക്കും

• പരിശീലന ഗ്രൂപ്പ് അംഗങ്ങൾ നേരിട്ട് എല്ലാ എഡിഎസ്സ് 7 അംഗ ഭരണ സമിതി അംഗങ്ങൾക്കും
• എല്ലാ അയൽക്കൂട്ടാംഗങ്ങൾക്കും പരിശീലനം ലഭിച്ച സിഡിഎസ്, എഡിഎസ് ഭരണ സമിതി അംഗങ്ങൾ മുഖേന.

## പ്രവർത്തന കലണ്ടർ

| ക്രമ നം. | പ്രവർത്തനങ്ങൾ | ഉത്തരവാദിത്വം | തീയതി |
|---|---|---|---|
| 1. | പരിശീലന വിഷയങ്ങളും ഫോമുകളും തയ്യാറാക്കുക | സംസ്ഥാന മിഷൻ | പൂർത്തീകരിച്ചു |
| 2. | സംസ്ഥാന ആർപിമാരുടെ പരിശീലനം | | പൂർത്തീകരിച്ചു |
| 3. | ജില്ല മാസ്റ്റർ പരിശീലകരെയും ജില്ലയിലെ പരിശീലനകരെയും കണ്ടെത്തൽ | ജില്ലാ മിഷൻ | 28/10/2020 |
| 4. | ജില്ലാ മാസ്റ്റർ പരിശീലകരുടെ പരിശീലനം | സംസ്ഥാന മിഷൻ | 30/10/2020 |
| 5. | എല്ലാ പരിശീലകരുടെയും പരിശീലനം | ജില്ലാ മിഷൻ | 03/11/2020 |
| 6. | ബി.സിമാരുടെ നേതൃത്വത്തിൽ അവരുടെ ബ്ലോക്കിന് കീഴിലുള്ള പരിശീലകരുടെ അറിവ് പരിശോധിക്കുകയും, ബ്ലോക്ക് തലത്തിലുള്ള പദ്ധതി തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനം | ബി.സിമാർ | 05/11/2020 |
| 7. | എല്ലാ സിഡിഎസ് അംഗങ്ങളുടെയും പരിശീലനം | ജില്ലാ മിഷൻ/ ബി.സിമാർ/ ട്രെയിനിംഗ് ടീം അംഗങ്ങൾ | 10/11/2020 |
| 8. | എല്ലാ എഡിഎസ് ഭാരവാഹികളുടെയും പരിശീലനം | ജില്ലാ മിഷൻ/ ബി.സിമാർ/ ട്രെയിനിംഗ് ടീം അംഗങ്ങൾ | 30/11/2020 |
| 9. | അയൽക്കൂട്ടതല എഡിഎസ് തല വിപിആർപി തയ്യാറാക്കി | ജില്ലാ മിഷൻ/ ബി.സിമാർ/ ട്രെയിനിംഗ് | 10/12/2020 |

| | | | |
|---|---|---|---|
| | ഗ്രാമസഭയിൽ സമർപ്പിക്കൽ | ടീം അംഗങ്ങൾ | |
| 10. | സിഡിഎസ് തല വിപിആർപി പഞ്ചായത്ത് തലത്തിൽ യോജിപ്പിക്കുന്ന പ്രവർത്തനം | ജില്ലാ മിഷൻ/ ബി.സിമാർ/ ട്രെയിനിംഗ് ടീം അംഗങ്ങൾ | 25/01/2021 |

**പ്രവർത്തന മോണിറ്ററിംഗ്**

പരിശീലനം പൂർത്തിയായ ശേഷം പരിശീലകർ താഴെപറയുന്ന വിവരങ്ങൾ സഹിതം ജില്ലാ മിഷനു റിപ്പോർട്ട് സമർപ്പിക്കുകയും ബി.സി, ജില്ലാ പ്രോഗ്രാം മാനേജർ എന്നിവർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ മിഷൻ പരിശീലകർക്കു പരിശീലനം തുക അനുവദിക്കേണ്ടതാണ്

1) കവറിംഗ് ലെറ്റർ
2) പരിശീലനത്തിന്റെ പങ്കാളിത്ത ഫോറം (ഓരോ പരിശീലനത്തിനും പ്രത്യേകം ഫോറം ഉപയോഗിക്കണം)/വി പി ആർ പി പ്ലാനുകളുടെ റിപോർട്ട്
3) ഓരോ ഓൺലൈൻ പരിശീലനത്തിന്റേയും പങ്കാളികളുടെ എണ്ണം കാണിക്കുന്ന സ്ക്രീൻ ഷോർട്ട്.

പങ്കാളിത്ത ഫോറത്തിലെയും സ്ക്രീൻ ഷോട്ടിലേയും പരിശീലനാർത്ഥികളുടെ എണ്ണം തുല്യമായിരിക്കണം. എഡിഎസ്സ് തല പരിശീലനത്തിൽ പങ്കെടുത്തവരെ റാൻഡമായി ഫോൺ മുഖേന ബന്ധപ്പെട്ട് ബി.സി സർട്ടിഫൈ ചെയ്യേണ്ടതാണ്. വി പി ആർ പി പ്ലാനുകളുടെ റിപോർട്ട് പരിശീലകർ സമർപ്പിക്കുമ്പോൾ ബ്ലോക്ക് കോർഡിനേറ്റർമാർ ഫോൺ മുഖേന എ ഡി എസ്സ് /സി ഡി എസ്സ് -കളിൽ ബന്ധപ്പെട്ടു ആധികാരികത ഉറപ്പു വരുത്തേണ്ടതാണ്

**തുക അനുവദിക്കുന്ന രീതി**

താഴെപറയുന്ന ഓരോ ഘട്ടവും പൂർത്തീകരിക്കുമ്പോൾ, പരിശീലകർ റിപ്പോർട്ട് സമർപ്പിക്കുന്നതനുസരിച്ച് പരിശീലകർക്ക് തുക അനുവദിക്കാവുന്നതാണ്. റിപ്പോർട്ടു സമർപ്പിക്കുന്ന ഫോർമാറ്റുകൾ അനുബന്ധമായി നൽകിയിരിക്കുന്നു

1) **സിഡിഎസ് തല എഡിഎസ് തല പരിശീലനങ്ങൾ** -

പരിശീലനകന്റെ ഉത്തരവാദിത്വത്തിൽപ്പെട്ട സിഡിഎസ്സിലെ മുഴുവൻ അംഗങ്ങൾക്കും പരിശീലനം നൽകിയ ശേഷം റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പങ്കെടുത്ത ഒരു വ്യക്തിക്ക് 45/- രൂപ നിരക്കിൽ തുക അനുവദിക്കാവുന്നതാണ്.

2) **എഡിഎസ് തല വിപിആർപി പ്ലാൻ തയ്യാറാക്കി ഗ്രാമസഭയിൽ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ**-

എഡിഎസ് തല വിപിആർപി പ്ലാൻ തയ്യാറാക്കി ഗ്രാമസഭയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതുവരെ പരിശീലകർ ആവശ്യമായ പിന്തുണാ സഹായം കൃത്യമായി നൽകേണ്ടതാണ്.പ്രത്യേക ഗ്രാമസഭയിൽ വാർഡ് തല വിപിആർപി പ്ലാൻ അംഗീകാരത്തിനായി സമർപ്പിക്കുകയും അത് റിപ്പോർട്ടായി ജില്ലാ മിഷനിൽ സമർപ്പിക്കുന്ന മുറയ്ക്ക് പ്ലാൻ സമർപ്പിച്ച ഒരു എഡിഎസ്സിന് 40/- രൂപ നിരക്കിൽ പരിശീലകന് നൽകാവുന്നതാണ്.

3) സിഡിഎസ് തലത്തിൽ വിപിആർപി പ്ലാൻ ക്രോഡീകരിച്ച് പഞ്ചായത്തിൽ സമർപ്പിക്കുന്നതുവരെ പരിശീലകർ ആവശ്യമായ പിന്തുണാസഹായം കൃത്യമായി നൽകുകയും, പഞ്ചായത്തുതലത്തിൽ വിപിആർപി പ്ലാൻ സമർപ്പിക്കുകയും അത് റിപ്പോർട്ടായി ജില്ലാ മിഷനിൽ സമർപ്പിക്കുന്ന മുറയ്ക്ക് പ്ലാൻ സമർപ്പിച്ച ഒരു സി ഡി എസ്സിന് 400/- രൂപ വീതം നൽകാവുന്നതാണ്.

S.Harikishore IAS

എക്സിക്യൂട്ടീവ് ഡയറക്ടർ

The document is digitally approved. Hence signature is not needed.

## വി പി ആർ പി ഓൺലൈൻ പരിശീലന പങ്കാളിത്ത ഫോറം

| | |
|---|---|
| ജില്ലയുടെ പേര്: | സി ഡി എസ്സ് -ന്റെ പേര്: |
| എ ഡി എസ്സിന്റെ പേര്: | പരിശീലന തീയതി: |
| പരിശീലക-ന്റെ പേര്: | പരിശീലനത്തിന്റെ പേര്: |

| ക്രമ നമ്പർ | പങ്കെടുത്തവരുടെ പേരുകൾ | ഫോൺ നമ്പർ | അയൽക്കൂട്ടത്തിന്റെ പേര് |
|---|---|---|---|
| | | | |

ബ്ലോക്കിന്റെ പേര്

ബ്ലോക്ക് കോർഡിനേറ്ററുടെ പേര് :

*ബ്ലോക്ക് കോർഡിനേറ്റർ റാൻഡമായി വിളിച്ചു പരിശോധിച്ച വ്യക്തിയുടെ സീരിയൽ നമ്പർ:

ജില്ലാ പ്രോഗ്രാം മാനേജരുടെ പേര് :

ജില്ലാ പ്രോഗ്രാം മാനേജരുടെ ഒപ്പു:

* ഒരു പരിശീലന പരിപാടിയിൽ പങ്കെടുത്ത ഒരു വ്യക്തിയെ വിളിച്ചു പരിശീലനത്തിന്റെ ആധികാരികത ഉറപ്പു വരുത്തണം

വി പി ആർ പി പ്ലാനുകൾ പൂർത്തീകരിച്ച റിപ്പോർട്ട് - എ ഡി എസ്സ് തലം

| ജില്ലയുടെ പേര്: | സി ഡി എസ്സിന്റെ പേര്: |
|---|---|
| പരിശീലകന്റെ പേര്: | |

| ക്രമ നമ്പർ | പ്ലാനുകൾ പൂർത്തീകരിച്ചു പ്രത്യേക ഗ്രാമസഭയിൽ സമർപ്പിച്ച എ ഡി എസ്സുകളുടെ പേര്: | ഗ്രാമ സഭ അംഗീകരിച്ച തീയതി |
|---|---|---|
| | | |

ബ്ലോക്കിന്റെ പേര്

ബ്ലോക്ക് കോർഡിനേറ്ററുടെ പേര് :

ബ്ലോക്ക് കോർഡിനേറ്റർ എല്ലാം എ ഡി എസ്സിലും വിളിച്ചു സ്ഥിതീകരിച്ചു. ഒപ്പു.

ജില്ലാ പ്രോഗ്രാം മാനേജരുടെ പേര് :

ജില്ലാ പ്രോഗ്രാം മാനേജരുടെ ഒപ്പു:

വി പി ആർ പി പ്ലാനുകൾ പൂർത്തീകരിച്ച റിപ്പോർട്ട് - സി ഡി എസ്സ് തലം

| ജില്ലയുടെ പേര്: | പരിശീലകന്റെ പേര്: |
|---|---|

| ക്രമ നമ്പർ | പ്ലാനുകൾ പൂർത്തീകരിച്ച സി ഡി എസ്സുകളുടെ പേര്: | സമർപ്പിച്ച തീയതി |
|---|---|---|
| | | |

ബ്ലോക്കിന്റെ പേര്

ബ്ലോക്ക് കോർഡിനേറ്ററുടെ പേര് :

ബ്ലോക്ക് കോർഡിനേറ്റർ എല്ലാം സി ഡി എസ്സിലും വിളിച്ചു സ്ഥിതീകരിച്ചു. ഒപ്പു.

ജില്ലാ പ്രോഗ്രാം മാനേജരുടെ പേര് :

ജില്ലാ പ്രോഗ്രാം മാനേജരുടെ ഒപ്പു: